**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5031** — **15-11-2019-ൽ മറുപടിക്ക്**

## കാർഷിക സേവന കേന്ദ്രങ്ങളും കാർഷിക കർമ്മ സേനയും നടത്തി വരുന്ന പ്രവർത്തനങ്ങൾ

**ചോദ്യം**

**ശ്രീ.ഐ.ബി. സതീഷ്**
**,, റ്റി.വി.രാജേഷ്**
**,, കെ.യു. ജനീഷ് കുമാർ**
**പ്രൊഫ.കെ.യു. അരുണൻ**

**മറുപടി**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാന കർഷകർക്ക് ആവശ്യമായ സേവനങ്ങൾ നൽകുന്നതിന് കാർഷിക സേവന കേന്ദ്രങ്ങളും കാർഷിക കർമ്മ സേനയും എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ കർഷകർക്ക് ആവശ്യമായ സേവനങ്ങൾ സമയബന്ധിതമായി നൽകുന്നതിനായി ബ്ലോക്ക് തലത്തിൽ അഗ്രോ സർവ്വീസ് സെന്ററുകളും, പഞ്ചായത്ത് തലത്തിൽ കാർഷക കർമ്മ സേനകളും വലിയൊരു പങ്ക് വഹിക്കുന്നുണ്ട്. അഗ്രോ സർവ്വീസ് സെന്ററുകൾ വഴി യന്ത്രവൽക്കരണം, ആത്മ അടിസ്ഥാനത്തിൽ വിജ്ഞാന വ്യാപനം, വായ്പാ സഹായം, കാലാവസ്ഥ ഉപദേശ സേവനം, മറ്റ് സാങ്കേതിക സഹായങ്ങൾ എന്നീ സേവനങ്ങൾ കർഷകർക്ക് നൽകുന്നത് കാർഷക മേഖലയെ ആധുനീകരിക്കുന്നതിൽ നിർണ്ണായ പങ്ക് വഹിക്കുന്നു.<br>അഗ്രോ സർവ്വീസ് സെന്ററുകളുടെ ബയോ ഫാർമസി വഴി ഗുണമേന്മയുള്ള സസ്യ സംരക്ഷണ മരുന്നുകൾ കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. നഴ്സറികളുടെ പ്രവർത്തനമാണ് എടുത്തു പറയത്തക്ക മറ്റൊരു സേവനം. കർഷകരുടെ ആവശ്യത്തിനനുസരിച്ച് ഗുണമേന്മയുള്ള വിത്തുകൾ, നടീൽ വസ്തുക്കൾ തുടങ്ങിയവ യഥാസമയം ലഭ്യമാക്കുന്നതിന് കാർഷിക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനം വളരെ ഫലപ്രദമാകുന്നുണ്ട്. അതുപോലെ കാർഷിക സേവന കേന്ദ്രങ്ങൾ വഴി പച്ചക്കറി തൈകൾ കർഷകർക്ക് സബ്സിഡി നിരക്കിൽ നൽകാനും കൃഷി വകുപ്പിനു കഴിയുന്നുണ്ട്. ബ്ലോക്കുതലത്തിൽ അഗ്രോ സർവ്വീസ് സെന്ററുകൾ വഴി കർഷകർക്ക് മണ്ണ് പരിശോധനയും നടപ്പിലാക്കാൻ കഴിയുന്നു. |

| | | | |
|---|---|---|---|
| | | | പൂർണ്ണമായും യന്ത്രവൽക്കരണത്തിലൂടെ ലാഭകരമായ കൃഷി സാധ്യമാക്കുക, തെങ്ങുകയറ്റമടക്കമുള്ള ജോലികൾ ഏറ്റെടുക്കുകവഴി തെങ്ങുകൃഷിയോട് കർഷകർക്ക് ആഭിമുഖ്യമുണ്ടാക്കുക, തരിശ് ഭൂമിയിൽ പാട്ടത്തിന് കൃഷിയിറക്കുക, ഹൈടെക് കൃഷി രീതികൾ, മഴമറകൾ, തുള്ളിനന ജലസേചനം എന്നിവ നടപ്പിലാക്കുക തുടങ്ങിയ പദ്ധതികൾ സമയബന്ധിതമായി കർഷകരിൽ എത്തിക്കുവാൻ അഗ്രോ സർവ്വീസ് സെന്ററുകൾക്ക് കഴിയുന്നുണ്ട്.<br>പരിശീലനം ലഭിച്ച അച്ചടക്കമുള്ള ഒരു തൊഴിൽസേന രൂപീകരിക്കുക, ആവശ്യത്തിന് തുടർച്ചയായി തൊഴിലാളികളെ ന്യായമായ കൂലിക്ക് ലഭ്യമാക്കുക, കാർഷിക വൃത്തിക്കാവശ്യമായ പ്ലംബർ, ഇലക്ട്രീഷ്യൻ, മെക്കാനിക് എന്നിവരെ ന്യായമായ കൂലിക്ക് ലഭ്യമാക്കുന്നതിന് ഇവരുടെ സർവ്വീസ് ബാങ്ക് തുടങ്ങുക, ഒരു ലാഭകരമായ സംരംഭമായി കാർഷിക വൃത്തിയെ ഉയർത്തുക, തൊഴിലാളികൾക്കും കർഷകർക്കുമുള്ള സാമൂഹ്യനിലവാരം ഉയർത്തുക, ഗ്രാമീണ തൊഴിൽ ശക്തിയെ ഒരു ചട്ടക്കൂട്ടിൽ കൊണ്ടുവന്ന് തൊഴിലാളികൾക്കും, കൃഷിക്കാരനും ഫലവത്തായി പ്രയോജനപ്പെടുത്താൻ അവസരമുണ്ടാക്കുക എന്നിവയാണ് കാർഷിക കർമ്മസേനയുടെ പ്രവർത്തനങ്ങൾ.<br>കാർഷിക പ്രവർത്തനത്തിനു വേണ്ടുന്ന മാനുഷിക പ്രയത്ന സേവനങ്ങളും കാർഷിക യന്ത്ര സേവനങ്ങളും ചെയ്തു കൊടുക്കുന്നതിനാണ് കാർഷിക കർമ്മസേനയെ സജ്ജീകരിച്ചിരിക്കുന്നത്. കൂടാതെ കാർഷിക വിള സംസ്കരണവും, മൂല്യ വർദ്ധിത ഉത്പദനവും, വിപണനവും ഏറ്റെടുത്ത് നടത്തുന്നതിനും കാർഷിക സേവന കേന്ദ്രങ്ങളെയും കാർഷിക കർമ്മ സേനകളെയും സജ്ജീകരിച്ചു വരുന്നു. |
| (ബി) | കാർഷിക സേവന കേന്ദ്രങ്ങളുടെയും കാർഷിക കർമ്മ സേനയുടെയും പ്രവർത്തനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശം നൽകുന്നതിനായി അപെക്സ് ബോഡി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കാർഷിക സേവന കേന്ദ്രങ്ങളുടെയും കാർഷിക കർമ്മ സേനകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ശാക്തീകരിച്ച് സജ്ജീകരിക്കുന്നതിനും വേണ്ടി അപെക്സ് ബോഡി അഥവാ 'കേരള സംസ്ഥാന കാർഷിക യന്ത്രവത്ക്കരണ മിഷൻ' രൂപീകരിച്ചിട്ടുണ്ട്. കൃഷി മന്ത്രി ചെയർമാനും, കാർഷിക ഉത്പാദന കമ്മീഷണർ വൈസ് ചെയർമാനും, കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ മിഷൻ ഡയറക്ടറുമായി ഉൾപ്പെടുന്ന ഒരു 13 അംഗ ഭരണസമിതി കേരള സംസ്ഥാന കാർഷിക യന്ത്രവത്ക്കരണ മിഷന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നു. കാർഷിക കർമ്മ സേനയുടെയും കാർഷിക സേവന കേന്ദ്രത്തിന്റെയും സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട് ഇദ്ദേഹമാണ് കേരള |

| | | | |
|---|---|---|---|
| | | | സംസ്ഥാന കാർഷിക യന്ത്രവത്ക്കരണ മിഷന്റെ മുഖ്യ നിർവ്വഹണ ഓഫീസർ. സംസ്ഥാനത്തുടനീളമുള്ള കാർഷിക കർമ്മ സേനകളുടെയും കാർഷിക സേവന കേന്ദ്രങ്ങളുടെയും കാർഷിക യന്ത്രങ്ങൾ ഉൾപ്പടെയുള്ള ഭൗതിക സാമ്പത്തിക വിഭവങ്ങളുടെ നിജസ്ഥിതി കേരള സംസ്ഥാന കാർഷിക യന്ത്രവത്ക്കരണ മിഷൻ തയ്യാറാക്കി കഴിഞ്ഞു. കാർഷിക സേവന കേന്ദ്രത്തിന്റെയും കാർഷിക കർമ്മ സേനയുടെയും ഘടനയും പ്രവർത്തനവും നിഷ്കർഷിച്ചുകൊണ്ടുള്ള ഒരു പ്രവർത്തന മാന്വൽ മിഷന്റെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | കാർഷിക കർമ്മസേനയിലും കാർഷിക സേവന കേന്ദ്രങ്ങളിലും രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകർക്കും അംഗങ്ങൾക്കും അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | അഗ്രോ സർവ്വീസ് സെന്ററിലേയും കാർഷിക കർമ്മ സേനയിലേയും തൊഴിലാളികൾക്ക് ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷന്റെ പ്രധാന മന്ത്രി ജീവൻ ജ്യോതി ബീമായോജന (PMJBY) പദ്ധതി വഴി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ പ്രീമിയം തുക ഒരാൾക്ക് 250 രൂപയാണ്. |

സെക്ഷൻ ഓഫീസർ